**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5280** — **23/05/2017-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷന്റെ ഭാഗമായി സർവ്വെ

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലൈഫ് മിഷന്റെ ഭാഗമായി ഭൂരഹിതരായിട്ടുള്ളവരെ കണ്ടെത്തു ന്നതിനുള്ള സർവ്വെ പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സർവ്വേ പൂർത്തീകരിച്ചു. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ തരംതിരിച്ച് എല്ലാ ജില്ലകളിലും പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ ക ണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ ഗുണഭോക്താക്കളുടെ യഥാർത്ഥ കണക്ക് വ്യക്തമാവുകയുള്ളൂ തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ട ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ച ശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | സർവ്വെ പ്രകാരം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ എത്ര ഭവനരഹിതരുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കുമോ; | | |
| (സി) | ഭവനരഹിതരായ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തി ട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | (സി) | ലൈഫ് പദ്ധതിയിൻ കീഴിൽ ഇതു വരെ ധനസഹായം വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ